ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്. 1990 മുതൽ വിന്റ് മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിച്ച് നടത്തിയ പഠനങ്ങളിൽ 17 സ്ഥലങ്ങളിൽ കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 11 സ്ഥലങ്ങൾ ഇടുക്കിയിലും 5 സ്ഥലങ്ങൾ പാലക്കാടും ഒരെണ്ണം തിരുവനന്തപുരം ജില്ലയിലുമാണ്. ഇതുവരെ നടത്തിയ പഠനങ്ങൾ വിശകലനം ചെയ്തതിൽ നിന്നും കേരളത്തിൽ ഏകദേശം 790 മെഗാവാട്ട് വൈദ്യുതി കാറ്റിൽ നിന്നും ഉത്പാദിപ്പിക്കാൻ സാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്. പഠനം നടത്തിയ സ്ഥലങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. കേരളത്തിൽ, കാറ്റാടി പദ്ധതികൾക്ക് അനുയോജ്യമായി കണ്ടെത്തിയ പ്രദേശങ്ങളെല്ലാംതന്നെ ഭൂപ്രകൃതിയുടെ പ്രത്യേകതകൊണ്ട് കീഴ്ാംതുക്കായ ഇടങ്ങളോ വനമേഖലയോ ആയതിനാൽ വലിപ്പമേറിയ യന്ത്രഭാഗങ്ങൾ വഹിച്ചുകൊണ്ടുപോകുന്നതിനുള്ള ബുദ്ധിമുട്ട്, വനമേഖലകളിലെ നിർമ്മാണ അനുമതി ലഭിക്കാനുള്ള ബുദ്ധിമുട്ട് എന്നിവ ഇത്തരം പദ്ധതികൾ വരുന്നതിന് തടസ്സമാകുന്നുണ്ട്. എന്നാൽ മെച്ചമേറിയ കാറ്റ് ലഭിക്കുന്ന സമതലപ്രദേശങ്ങൾ കൂടുതലുള്ള തമിഴ്നാട്ടിൽ കേരളത്തെ അപേക്ഷിച്ച് കാറ്റാടി പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള അനുകൂല സാഹചര്യമുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സ്വകാര്യ സ്ഥാപനങ്ങളുടേയും പങ്കാളിത്തത്തോടെ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കാവുന്നതാണ്. ഇതിന്റെ മുന്നോടിയായി 7-4-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 12/2015/ഊ.വ. പ്രകാരം സർക്കാർ കൈവശമുള്ള സ്ഥലം ചട്ടങ്ങൾക്കനുസരിച്ച് കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിലേയ്ക്കായി lease rent-നു നൽകുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ആദിവാസി ഭൂമിയിൽ കാറ്റാടിനിലയങ്ങൾ സ്ഥാപിക്കുന്നത് വഴി 5 ശതമാനം റവന്യൂ പങ്കുവയ്ക്കൽ നിഷ്കർഷിക്കുന്ന ഉത്തരവും 6-9-2011-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 34/11/ഊ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

പുനർജ്ജനി പദ്ധതി

22(*201) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പുനർജനി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആശുപത്രികളിലെ കേടായ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പുനർജനി പദ്ധതി നടപ്പിലാക്കി കഴിഞ്ഞു.

(ബി) ഒരു എഡ്യൂക്കേഷൻ പ്രോഗ്രാമായ പുനർജനി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ് :

1. സാമൂഹ്യപ്രവർത്തനത്തിലൂടെ വ്യക്തിത്വ വികാസം സാദ്ധ്യമാക്കുക.
2. വിദ്യാർത്ഥികളുടെ സാമൂഹ്യബോധം വളർത്തി അവരെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.
3. രാജ്യത്തിന്റെ വികസനത്തിൽ വിദ്യാർത്ഥികളുടെ പങ്ക് ബോദ്ധ്യപ്പെടുത്തുക.
4. പ്രതിബദ്ധതയുള്ള ഏത് തൊഴിലിലും മഹത്വം കണ്ടെത്തുന്ന ഉയർന്ന വ്യക്തിത്വമുള്ള യുവതലമുറയെ വാർത്തെടുക്കുക.
5. സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങളിൽ പരിമിതമായ അവസ്ഥ നിലനിൽക്കുന്നതിനാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം തേടുക.
6. മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവ ഉൾപ്പെടെ 40 സർക്കാർ ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

(സി) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആശുപത്രികളിലെ കേടായ ഉപകരണങ്ങളുടെ അറ്റകുറ്റപണി ചെയ്യുന്നതിനുമായുള്ള പ്രവർത്തനങ്ങൾക്ക് കോ-ഓർഡിനേറ്റർ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, കൺവീനർമാർ എന്നിവരടങ്ങുന്ന ഒരു പ്രോജക്ട് ടീമാണ് നേതൃത്വം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സർവ്വേ ടീമിനെ തെരഞ്ഞെടുത്ത് സർവ്വേ മുഖേന പദ്ധതി നടപ്പാക്കാനുള്ള ആശ്രുപത്രികളെ തെരഞ്ഞെടുക്കുകയും അതാത് ആശ്രുപത്രികളിലെ പ്രോജക്ട് നടത്തിപ്പിനായി പദ്ധതി നിർവ്വാഹക സമിതി രൂപപ്പെടുത്തുകയും ചെയ്തിരുന്നു. ചെയർമാൻ, ജനറൽ കൺവീനർ, 2 കൺവീനർമാർ എന്നിവരടങ്ങിയതായിരിക്കും പദ്ധതി നിർവ്വാഹക സമിതി.

തെരഞ്ഞെടുത്ത ആശ്രുപത്രികളെ കുറിച്ച് പഠിച്ച് അവിടെ ചെയ്യേണ്ടിവരുന്ന അറ്റകുറ്റപ്പണികൾ, മറ്റ് ജോലികൾ അതിനാവശ്യമായ വിഭവങ്ങൾ (മനുഷ്യ വിഭവശേഷി, പണം, വസ്തുക്കൾ, സമയം) ഇവയെക്കുറിച്ച് മുൻധാരണ ഉണ്ടാക്കുക, വിഭവ സമാഹരണം നടത്തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നിശ്ചിത ആശ്രുപത്രികളുടെയും അനുമതി, സഹകരണം ഇവ നേടിയെടുക്കുക, പദ്ധതി പ്രദേശത്തിനടുത്തുള്ള യുവജന സംഘടനകളെ പദ്ധതിയുടെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക, പദ്ധതിയിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുക, സാങ്കേതിക പരിജ്ഞാനമുള്ള 75 എൻ.എസ്.എസ്. വോളണ്ടിയർമാരേയും 25 സ്റ്റാഫിനേയും ഓരോ ഹോസ്പിറ്റലിനുമായി പ്രത്യേകം തെരഞ്ഞെടുക്കുക, പദ്ധതി പ്രദേശത്ത് അഡീഷണൽ ടെക്നിക്കൽ സർവ്വീസ് ക്യാമ്പ് നടത്തുക എന്നീ പ്രവർത്തനങ്ങളും നടത്തിയിരുന്നു.

(ഡി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും നാഷണൽ സർവ്വീസ് സ്കീം ടെക്നിക്കൽ സെൽ കേരളയുമാണ് ഇതുമായി സഹകരിച്ചിട്ടുള്ളത്.

വ്യാവസായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

23(*202) ശ്രീ. ബി. സത്യൻ :
ശ്രീ. എളമരം കരീം :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാവസായിക മേഖലയിൽ ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കിക്കൊടുക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സ്റ്റാർട്ടപ്പ് വില്ലേജിലടക്കംവരുന്ന നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് സാദ്ധ്യമാകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) അടിസ്ഥാന സൗകര്യമൊരുക്കുന്നതിലുണ്ടാകുന്ന വീഴ്ച വ്യാവസായിക മേഖലയ്ക്ക് തിരിച്ചടിയാവുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതിന്റെ പേരിൽ ഇൻഫോസിസ് പോലുള്ള സ്ഥാപനങ്ങൾ ഐ.ടി. വികസനത്തിന് എടുത്ത ഭൂമി തിരിച്ചുനൽകിയ സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) സ്റ്റാർട്ടപ്പ് വില്ലേജിലടക്കം വരുന്ന നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ട്.

(സി) വ്യാവസായിക മേഖലയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടില്ല. സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള വ്യവസായ വികസന ഏരിയ/പ്ലോട്ട്/പാർക്കുകളിലെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഏകജാലക സംവിധാനം ഉൾപ്പടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയതുവഴി വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ഡി) ഇല്ല. തിരുവനന്തപുരത്തെ ഇൻഫോസിസിന്റെ രണ്ടാമത്തെ കാമ്പസിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെല്ലാംതന്നെ ടെക്നോപാർക്ക് ഒരുക്കിയിട്ടുണ്ട്.

ഹരിത യൗവ്വനം പദ്ധതി

24(*203) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡ് ഭക്ഷ്യ സുരക്ഷയിൽ യുവാക്കളെ പങ്കാളികളാക്കി ഹരിതയൗവ്വനം പദ്ധതി ശ്രുപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly